(ബി) 51.44 ഏക്കർ ഭൂമിക്ക് നിലവിൽ പട്ടയം ലഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. യുടെ പക്കലുള്ള എല്ലാ സ്ഥലത്തിനും ഉടമസ്ഥാവകാശം ലഭിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ റവന്യൂ അധികാരികൾക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ സംബന്ധമായി യാതൊരു അറിയിപ്പും ഇതുവരെ കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ചിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി. യുടെ പക്കലുള്ള എല്ലാ ഭൂമിക്കും ഉടമസ്ഥാവകാശം നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിനായി എല്ലാ യൂണിറ്റാഫീസർമാർക്കും തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

98 (2197) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. യിൽ 8 വർഷം പൂർത്തിയായ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) എംപ്ലോയ്മെന്റ് വഴി നിയമനം നൽകിയ 8 വർഷം തികച്ച മെക്കാനിക്കൽ, കണ്ടക്ടർ, ഡ്രൈവർ, വിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തണമെന്ന അംഗീകൃത യൂണിയനുകളുടെ ആവശ്യം അംഗീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കോർപ്പറേഷൻ താൽക്കാലിക സേവനത്തിൽ 8 വർഷം പൂർത്തിയാക്കിയവരെയാണ് സ്ഥിര നിയമനത്തിന് പരിഗണിച്ചത്. 1-9-2008-ന് മുമ്പ് 120 ഡ്യൂട്ടികൾ തികച്ച എട്ട് സേവനവർഷം പൂർത്തിയാക്കിയവരെയാണ് പരിഗണിക്കുന്നത്. കൂടാതെ ഇവർ 1-9-2008-ൽ കോർപ്പറേഷൻ റോളിൽ ഉണ്ടായിരിക്കണം. ടി വിഷയത്തിൽ ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.

വി.ടി.സി. ഗ്രാന്റ് ഉപയോഗിച്ചുള്ള റോഡ് വികസനം

99 (2198) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെഹിക്കിൾ ടാക്സ് കോംപൻസേഷൻ ഗ്രാന്റ് ഉപയോഗിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകൾ വികസിപ്പിക്കുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര റോഡുകൾ ഇപ്രകാരം വികസിപ്പിക്കുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) ഈ വകയിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly